

# ACADEMIC MASTER PLAN

## Govt LPS Alathottam



## 2025-'26



# ആമുഖം

ഒരു കുട്ടിയുടെ സമഗ്ര വികാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു മേഖലയാണ് പൊതുവിദ്യാഭ്യാസം. എല്ലാ രംഗങ്ങളിലും മികവ് പുലർത്തുന്ന നമ്മുടെ നാട് പൊതുവിദ്യാഭ്യാസത്തിലും രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ പൊതുവിദ്യാഭ്യാസം എത്തിച്ചേർന്നിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തെ ഇനിയും ഉയരങ്ങളിലേക്ക് എത്തിക്കാനുള്ള കാഴ്ചപ്പാടുകളുടെ ഒരു ആസൂത്രണ രേഖയാണ് "അക്കാദമിക മാസ്റ്റർ പ്ലാൻ"

ഭാവിയിൽ നമ്മുടെ വിദ്യാലയം എങ്ങനെയായിത്തീരണമെന്ന് വിഭാവനം ചെയ്യുകയും അതിനായി ഏറ്റെടുക്കുന്ന പ്രവർത്തന പരിപാടികൾ കണ്ടെത്തുകയും ചെയ്യുകയാണിതിന്റെ ലക്ഷ്യം.

പാഠപുസ്തക കേന്ദ്രീകൃതമായി നടത്തുന്ന വിദ്യാഭ്യാസം കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമല്ല. മാത്രമല്ല നാം നിലവിൽ സ്വീകരിച്ചിരിക്കുന്ന ബോധന രീതി പിന്തുണാ സംവിധാനങ്ങൾ, പഠന സാമഗ്രികൾ

എല്ലാ മാറ്റത്തിനു വിധേയമാക്കേണ്ടതുണ്ട്. വരുന്ന ഒരു വർഷം വിദ്യാലയം നടപ്പിലാക്കുന്ന പ്രവർത്തന പരിപാടികളുടെയും പിന്തുണാ സംവിധാനത്തിന്റെയും ലിഖിത രേഖയാണിത്.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസമാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യം. ഓരോ കുട്ടിയും അതതു ക്ലാസിലെ അറിവും പിന്തുണയും നേടി എന്ന് ഉറപ്പുവരുത്തണം. മാത്രമല്ല എങ്ങനെ ഒരു നല്ല പൗരൻ ആകാം എന്നും കുട്ടി പരിശീലിക്കുന്നുണ്ട്. ഒരു മടിയും കൂടാതെ കുട്ടികൾ സ്കൂളിൽ എത്താനും അധ്യാപകരും കൂട്ടുകാരുമായി നല്ല ബന്ധം സ്ഥാപിക്കാനും അവർക്കു കഴിയണം. അങ്ങനെ എല്ലാവിധ പ്രവർത്തനങ്ങൾ കൊണ്ടും നമ്മുടെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആകട്ടെ.....

# സ്കൂൾ ചരിത്രം

1914 ൽ അലത്തോട്ടം എന്ന സ്ഥലത്ത് കുടിപ്പള്ളിക്കൂടമായി ആരംഭിച്ചതാണ് ഈ വിദ്യാലയം. നാടാർ, പറയർ, പുലയർ തുടങ്ങിയ സമുദായങ്ങളിലെ വിദ്യാഭ്യാസത്തിനായി ശ്രീ ഡാനിയൽ ആണ് സ്കൂൾ സ്ഥാപിച്ചത് 1948 ൽ ഇത് സർക്കാർ പള്ളിക്കൂടമായി മാറി

ഈ നാടിന്റെ സാംസ്കാരിക കേന്ദ്രമായ ഈ വിദ്യാലയത്തിൽ ഇപ്പോൾ നൂറോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. എൽ. പി. വിഭാഗത്തിൽ നാല് അധ്യാപകരും പ്രീ. പ്രൈമറി വിഭാഗത്തിൽ രണ്ട് അധ്യാപികയും ഒരു ആയയും ഒരു PTCM ഉൾപ്പെടെ 8 പേരും ഹെഡ് മാസ്റ്ററും ആണ് ഇവിടെ ജോലി ചെയ്യുന്നത്.

ഈ സ്ഥാപനത്തിൽ 4 കെട്ടിടങ്ങൾ നിലവിലുണ്ട്. 2 രണ്ടു മുറികൾ ഉള്ള വാർത്ത കെട്ടിടവും മറ്റു രണ്ടെണ്ണം ഷീറ്റ് മേഞ്ഞതുമാണ്. അതിൽ ഒന്ന് ഡൈനിങ് ഹാൾ ആണ്. സ്മാർട്ട് ക്ലാസ് മുറികൾ, പാർക്ക് എന്നിവ നിലവിലുണ്ട്.

പാറശ്ശാല പഞ്ചായത്തിലെ മികച്ച നിലവാരം പുലർത്തുന്ന ഈ പ്രൈമറി വിദ്യാലയത്തിൽ നിന്ന് കഴിഞ്ഞ വർഷങ്ങളിലെല്ലാം എൽ.എസ്.എസ് പരീക്ഷയിൽ കുട്ടികൾ വിജയികളാകുന്നുണ്ട്. സബ്ജില്ലാ കലോത്സവത്തിലും ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും എല്ലാ വർഷവും കുട്ടികൾ പങ്കെടുക്കുകയും ഉന്നത വിജയം നേടുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തുതലത്തിലും, മേഖാതല ത്തിലും നടത്തുന്ന വിജ്ഞാനോത്സവങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും ഉയർന്ന വിജയം നേടുകയും ചെയ്യുന്നു. ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾ എല്ലാ രംഗങ്ങളിലും മികച്ച നിലവാരം പുലർത്തുന്നു.

ഈ നാടിന്റെ ഉയർച്ചയ്ക്ക് നിദാനമായിരുന്ന ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പലരും ഉന്നത നിലയിൽ എത്തിയിട്ടുണ്ട്. റിട്ട. ജഡ്ജി ശ്രീ. ധർമ്മരാജ്, റിട്ട. ഡി.വൈ.എസ്.പി ശ്രീ ഹരിദാസ്, ഡോ: അനിത, മുൻ ഹെഡ്മാസ്റ്റർ ശ്രീ. ബഞ്ചമിൻ, ഈ സ്കൂളിലെ അധ്യാപിക ശ്രീമതി. ജി. പുഷ്പപറാണി. തുടങ്ങിയവർ ഈ വിദ്യാലയത്തിൽ നിന്നും വിദ്യ അഭ്യസിച്ചവരാണ്.

ഈ വിദ്യാലയം ഇന്ന് വളർച്ചയുടെ പാതയിലാണ്. പ്രീ. പ്രൈമറിയുടെ വർണ്ണക്കൂടാരം ഇവിടെ നടപ്പിലാക്കി കഴിഞ്ഞു. ആകർഷകമായ പാർക്ക്, നവീകരിച്ച് എയർ കണ്ടീഷൻ ചെയ്ത കമ്പ്യൂട്ടർ ലാബ്, ലൈബ്രറി ലബോറട്ടറി, കളിസ്ഥലം, പച്ചക്കറി തോട്ടം, ജൈവ വൈവിധ്യോദ്യാനം എന്നിവ നാം നേടികഴിഞ്ഞു. കൂടാതെ സ്മാർട്ട് കിച്ചന്റെ പണി പുരോഗമിക്കുന്നു.

ഇനിയും ഒട്ടേറെ ഭൗതിക സൗകര്യങ്ങൾ നാം നേടേണ്ടതുണ്ട്. അതോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലേക്ക് അക്കാദമിക നിലവാരം ഉയരേണ്ടതുണ്ട്. അതിനായി ധാരാളം പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യണം. അതിനുള്ള പ്രവർത്തന പരിപാടികളും വിലയിരുത്തൽ സമ്പ്രദായങ്ങളും ബോധന സാമഗ്രികളും ഈ മാസ്റ്റർ പ്ലാനിൽ വിശദമാക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന പദ്ധതി നടപ്പാക്കും.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും.

  എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കണം. പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കാന് പര്യാപ്തമായ വിധത്തിൽ സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുക

- ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക
- സ്കൂൾ സുരക്ഷ കമ്മിറ്റി വഴി സ്കൂളിന്റെയും കുട്ടികളുടെയും സുരക്ഷ ഉറപ്പു വരുത്തുക
- കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാ-കായിക സാഹിത്യ കഴിവുകൾ പരിപോഷിപ്പിക്കുക
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്ന തരത്തിലുള്ള വിദ്യാഭ്യാസം (Inclusive Education)
- ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം മികവുറ്റതാക്കുന്നതിന്
- ഐ.ടി. സാക്ഷരത എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
- രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ചപ്പാട് സൃഷ്ടിക്കൽ
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകൽ
- ലഹരി വിരുദ്ധ മനോഭാവം വളർത്തുക
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
- ലഹരി വിമുക്ത വിദ്യാലയം
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

# മലയാളം

# ആമുഖം

ഭാഷ ആർജ്ജിക്കുവാനും ആശയ വിനിമയം നടത്താനുമുള്ള ജന്മസിദ്ധമായ കഴിവ് മനുഷ്യനുണ്ട്. ശൈശവത്തിൽ എങ്ങനെയാണോ മാതൃഭാഷ ആർജ്ജിക്കുന്നത് അത്തരത്തിലുള്ള പഠനാനുഭവങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കി വേണം ഭാഷാപഠനം നടക്കേണ്ടത്. മാതൃഭാഷ നമ്മുടെ അമ്മയാണ്. മാതൃഭാഷയിലൂടെയാണ് നാം ചിന്തിക്കുന്നതും വികാരം പ്രകടിപ്പിക്കുന്നതും. മാതൃഭാഷയിൽ പ്രാവീണ്യം ഉണ്ടെങ്കിൽ മറ്റ് ഏത് ഭാഷ സ്വായത്തമാക്കാനും വളരെ എളുപ്പമാണ്. മാതൃഭാഷ സ്വായത്തമാക്കുന്നതിലൂടെ നാം നമ്മുടെ സംസ്കാരമാണ് സ്വായത്തമാക്കുന്നത്. ചിന്താശേഷി വളർത്താനും ഇത് നമ്മെ സഹായിക്കുന്നു. മലയാള ഭാഷ എഴുതാനും സംസാരിക്കാനും വായിക്കാനും ഭാഷാ വ്യവഹാരങ്ങളിൽ നൈപുണി നേടുന്നതിനും വേണ്ട പ്രവർത്തനങ്ങളാണിവിടെ ഒരുക്കിയിരിക്കുന്നത്. കുട്ടികളിൽ സർഗ്ഗശേഷിയും ഉന്നത ചിന്തയും വളർത്താൻ ഈ പ്രവർത്തനങ്ങൾ സഹായകമാണ്.

# ലക്ഷ്യങ്ങൾ

* മലയാള ഭാഷാ ശേഷികൾ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
* കരിക്കുലം വിഭാവന ചെയ്യുന്ന മലയാള ഭാഷയിലെ എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നതിന്
* രചനകൾ ഭാവാത്മകമായി വായിക്കുക
* ലഘുവായ സർഗാത്മക രചനകളിൽ പങ്കു ചേരുക
* മലയാള ഭാഷയിൽ മികച്ച വായനശീലം വളർത്തിയെടുക്കുക
* കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക
* മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക
* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക
* ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കുന്നതിനും കേട്ട് മനസിലാക്കുന്നതിനും
* തന്റെ ചുറ്റുപാടുകൾ നിരീക്ഷിച്ച് വിശകലനം നടത്താനും ചോദ്യങ്ങൾ ചോദിക്കാനും ഉള്ള കഴിവ് നേടുന്നു.

# പ്രവർത്തനങ്ങൾ

പുസ്തകച്ചങ്ങാതി

ലക്ഷ്യം :- മലയാള ഭാഷയിൽ മികച്ച വായനാശീലം വളർത്തുക.

- സ്കൂൾ ലൈബ്രറി
    - വിഷയാടിസ്ഥാനത്തിൽ പുസ്തകം തരം തിരിച്ച് വയ്ക്കൽ
    - ക്ലാസ് നിലവാരം അനുസരിച്ച് തരംതിരിക്കൽ
- ക്ലാസ് ലൈബ്രറി
    - എല്ലാ ക്ലാസിലും പുസ്തകങ്ങൾ വയ്ക്കാൻ ഷെൽഫ് ഒരുക്കൽ
    - അതത് ക്ലാസിന് അനുയോജ്യമായ പുസ്തകങ്ങൾ കണ്ടെത്തി ശേഖരിക്കൽ
    - വായനാ വാരത്തോടനുബന്ധിച്ച് വായനോത്സവം സംഘടിപ്പിക്കൽ
    - മികച്ച വായനക്കാരെ കണ്ടെത്തൽ (ശ്രാവ്യ വായന)
    - മികച്ച വായനക്കാരെയും വായനാക്കുറിപ്പും കണ്ടെത്തൽ
    - വായനയെ പ്രോത്സാഹിപ്പിക്കൽ.
- ബാഗ് ലൈബ്രറി
    - കുട്ടികളുടെ ബാഗിൽ ഒരു പുസ്തകം. ആഴ്ചയിലൊരിക്കൽ പുസ്തകം മാറി വാങ്ങാൻ അവസരം

# വെളിച്ചം

ലക്ഷ്യം :- മലയാള ഭാഷയിൽ പിന്നിൽ നിൽക്കുന്ന കുട്ടികളെ മുന്നിൽ എത്തിക്കൽ

## പ്രവർത്തനങ്ങൾ

- പ്രീ-ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തൽ
- അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ
- അക്ഷര കാർഡ്, പദകാർഡ് ഇവ ഉപയോഗിച്ച് പദം, വാക്യം, ഇവ രൂപീകരിക്കൽ
- ചിത്രം നോക്കി കഥ പറയൽ, ലഘു വാക്യങ്ങളിൽ കഥ എഴുതൽ, കഥ പൂർത്തിയാക്കൽ
- കഥ പുസ്തകം, വായനാകാർഡ് ഇവ ഉപയോഗിച്ച് വായന
- സി.ഡി ഉപയോഗിച്ച് വായന /രചന
- പോസ്റ്റ് ടെസ്റ്റ് നടത്തി നിലവാരം കണ്ടെത്തൽ
- നിലവിലുള്ള നിലവാരത്തിൽ നിന്ന് അടുത്ത നിലവാരത്തിലേക്ക്
- ഇതിനായി ICT സാധ്യത പ്രയോജനപ്പെടുത്തൽ

# ക്ലാസ് പത്രം, സ്കൂൾ പത്രം

ലക്ഷ്യങ്ങൾ

- മലയാള ഭാഷാ ശേഷികൾ നേടുന്നതിന് വൈദഗ്ദ്യം ലഭിക്കുന്നതിന്
- വാർത്തകൾ തയ്യാറാക്കുന്നതിനും എഡിറ്റ് ചെയ്യുന്നതിനും ഉള്ള കഴിവ് ലഭിക്കുന്നു.

പ്രവർത്തനങ്ങൾ

- സ്കൂളിൽ നടക്കുന്ന പഠന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയ സന്ദർഭങ്ങൾ പത്രവാർത്തയായി എഴുതി തയ്യാറാക്കുന്നു.
- ഒന്നു മുതൽ നാലുവരെ ക്ലാസിലെ കുട്ടികൾ എല്ലാ ദിവസവും പത്രം വായിച്ച് പത്രവാർത്തകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു
- മുടക്കം കൂടാതെ പത്രവാർത്ത തയ്യാറാക്കുന്ന കുട്ടിയ്ക്ക് ടേമിൽ സമ്മാനം നൽകുന്നു.

# ശിശു സൗഹൃദ ദിനങ്ങൾ

ലക്ഷ്യം

ദിനാചരണങ്ങൾ കുട്ടികളുടേത് ആയി മാറുന്നതിന് അവസരമൊരുക്കുന്നു

ദിനാചരണങ്ങളോടനുബന്ധിച്ച് ഭാഷയിലെ വിവിധ ശേഷി വികാസം കൈവരിക്കുന്നു

സദസ്സിനു മുന്നിൽ സംസാരിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു

## പ്രവർത്തനങ്ങൾ

പ്രധാനപ്പെട്ട ദിനാചരണങ്ങൾ എല്ലാം കുട്ടികളുടെ പങ്കാളിത്തത്തോടെ അവതരിപ്പിക്കുന്നു

ചുമർ പത്രിക
ക്വിസ് പ്രോഗ്രാം
പ്രസംഗം
കുട്ടികളുടെ സദസ്സ്
സർഗ രചന
ദേശ ഭക്തി ഗാനാലാപനം
പതിപ്പ് നിർമാണം

തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

പരിസ്ഥിതി ദിനം - ക്വിസ്
പോസ്റ്റർ രചന
ജല ആൽബം

വായന ദിനം - രചനോത്സവം, സെമിനാർ
വായനയുമായി ബന്ധപ്പെട്ട
മഹത്‌വചനങ്ങൾ എഴുതൽ

ലഹരി വിരുദ്ധ ദിനം - പോസ്റ്റർ
ഡോക്യുമെന്ററി പ്രദർശനം

സ്വാതന്ത്ര്യ ദിനം - പ്രസംഗം
ക്വിസ്
ചിത്രരചന
പതാക നിർമാണം

അധ്യാപക ദിനം - കഴിഞ്ഞ കാല അധ്യാപകരെ
ആദരിക്കൽ
നിലവിലെ അധ്യാപകരെ
ആദരിക്കൽ
കുട്ടി അധ്യാപകർ
(സ്കൂൾ ചുമതല കുട്ടി
കൾക്ക്)

ഓണം - തിരുവാതിര
വള്ളം കളി
വടം വലി
ഓണപ്പാട്ട്
ഓണപ്പതിപ്പ്

ശിശുദിനം - കുട്ടികളുടെ സഭ
ചുമർ പത്രിക
പ്രസംഗം
ഗാനാലാപനം

ഗാന്ധി ജയന്തി - ചുമർ പത്രിക
പ്രസംഗം
ചിത്ര രചന

റിപ്പബ്ലിക് ദിനം - പതാക ഉയർത്തൽ

ചാന്ദ്ര ദിനം - റോക്കറ്റ് നിർമാണം
പോസ്റ്റർ നിർമാണം
പ്ലക്കാർഡ് നിർമാണം
ബഹിരാകാശ സഞ്ചാരി-
യുമായി അഭിമുഖം

## ഓപ്പൺ ലൈബ്രറി

- സ്കൂൾ ലൈബ്രറിയിലെ എല്ലാ പുസ്തകങ്ങളും തരംതിരിച്ച് വയ്ക്കുകയും കുട്ടികൾക്ക് ഒരേ സമയം പുസ്തകങ്ങൾ വായിക്കാനും കാണാനുമുള്ള അവസരം
- എല്ലാ ക്ലാസിലെയും കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കൽ വായിക്കാൻ അവസരം
- ഓപ്പൺ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകമെടുക്കാനും വായിക്കാനുമുള്ള അവസരം

## വായനാക്കാർഡ് ശിൽപശാല

- രക്ഷിതാക്കളുടെ സഹായത്തോടെ വായനാക്കാർഡ് നിർമ്മാണം
- ആകർഷകമായ രീതിയിൽ തയ്യാറാക്കൽ
- കുട്ടിയുടെ നിലവാരത്തിനനുസരിച്ച് തയ്യാറാക്കുന്നു

## വീട്ടിലൊരു കുഞ്ഞു ലൈബ്രറി

- ആദ്യ ക്ലാസ് PTA യിൽ ബോധവൽക്കരണം
- ജൂൺ ആദ്യവാരം പുസ്തക ശേഖരണം

  പുസ്തക രജിസ്റ്റർ
- കൂടുതൽ പുസ്തകം സമാഹരിച്ച കുട്ടിക്ക് സമ്മാനം
- സ്കൂളിൽ നിന്ന് സമ്മാനമായി പുസ്തകം നൽകൽ

## കാവ്യോത്സവം

- പാഠഭാഗത്തിലെ കവിതകളും പഠന പ്രമേയങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളും ഉൾപ്പെടുന്നു.
- ഒന്നാം ക്ലാസിന്റെ പാട്ടരങ്ങിന്റെ തുടർച്ച
- താളവൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും സംഘമായും ലഭ്യമായ വാദ്യോപകരണങ്ങളുടെ സഹായത്തോടെ ആലപിക്കുന്നു.
- പുതിയ വരികൾ കൂട്ടിച്ചേർക്കാനും താളാത്മകമായി അവതരിപ്പിക്കാനും കുട്ടി കഴിവ് നേടുന്നു.

## റീഡേഴ്സ് തിയേറ്റർ

- പരസ്പരമുള്ള സഹകരണ വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക എന്നതാണ് ലക്ഷ്യം.
- തുടക്കത്തിൽ പുസ്തക കഥകൾ വായനയ്ക്ക് നൽകുന്നു
- കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയ്യാറാക്കി സംഭാഷണങ്ങൾ ഉൾപ്പെടുത്തി നാടകീയമായി അവതരിപ്പിക്കുന്നു.

## സർഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ അതിന്റെ വൈകാരികതയോടെ സാഹിത്യ രചനയായി സൃഷ്ടിക്കുന്ന ഉൽപന്നമാണിത്

- സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സാഹിത്യ സൃഷ്ടികൾ തയ്യാറാക്കുന്നു
- കുട്ടിയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന കലാകാരനെ പുറത്ത് കൊണ്ടുവരൽ
- കുട്ടിയുടെ ചിന്താശേഷി പുറത്ത് കൊണ്ടുവരൽ
- കഥ, കവിത, വിവരണം, സംഭാഷണം യാത്രാക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു.

# മലയാള മധുരം

അവധിക്കാല പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയ ശേഷം അത് വീണ്ടും തുടരാൻ അവസരം ഒരുക്കുന്നു

- ഭാവാത്മക വായനയിലേക്ക് കുട്ടിയെ നയിക്കുന്നു. സ്വതന്ത്ര രചനയിലേക്ക് നയിക്കുന്നു.
- അക്ഷരങ്ങൾ അടയാളങ്ങൾ എന്നിവ കൂടുതലായി പരിചയപ്പെടാനുള്ള അവസരം
- ജീവിതത്തിൽ പുസ്തകവായനയ്ക്ക് പ്രാധാന്യം നൽകൽ

# സംയുക്ത ഡയറി

തുടർന്നുവരുന്ന ഈ പ്രവർത്തനം ജൂൺ മുതൽ ആരംഭിക്കുന്നു

- അധ്യാപിക ഡയറി പരിശോധിച്ച് ക്ലാസിൽ വച്ച് വിലയിരുത്തുന്നു
- കൗതുകമുള്ള ഡയറിക്കുറിപ്പ് ക്ലാസിൽ പങ്കുവയ്ക്കുന്നു
- ദൈനം ദിന അനുഭവങ്ങളെ കുട്ടി ആശയങ്ങൾ ഉൾക്കൊണ്ട് എഴുതണം.

# മലയാള മധുരം

അവധിക്കാല പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയ ശേഷം. അത് വീണ്ടും തുടരാൻ അവസരം ഒരുക്കുന്നു

- ഭാവാത്മക വായനയിലേക്ക് കുട്ടിയെ നയിക്കുന്നു. സ്വതന്ത്ര രചനയിലേക്ക് നയിക്കുന്നു.
- അക്ഷരങ്ങൾ അടയാളങ്ങൾ എന്നിവ കൂടുതലായി പരിചയപ്പെടാനുള്ള അവസരം
- ജീവിതത്തിൽ പുസ്തകവായനയ്ക്ക് പ്രാധാന്യം നൽകുന്നു

# സംയുക്ത ഡയറി

തുടർന്നുവരുന്ന ഈ പ്രവർത്തനം ജൂൺ മുതൽ ആരംഭിക്കുന്നു

- അധ്യാപിക ഡയറി പരിശോധിച്ച് ക്ലാസിൽ വച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പ് ക്ലാസിൽ പങ്കുവയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങളെ കുട്ടി ആത്മാംശം ഉൾക്കൊണ്ട് എഴുതണം.

# മലയാള മധുരം

അവധിക്കാല പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയ ശേഷം അത് വീണ്ടും തുടരാൻ അവസരം ഒരുക്കുന്നു

- ഭാവാത്മക വായനയിലേക്ക് കുട്ടിയെ നയിക്കുന്നു. സ്വതന്ത്ര രചനയിലേക്ക് നയിക്കുന്നു.
- അക്ഷരങ്ങൾ അടയാളങ്ങൾ എന്നിവ കൂടുതലായി പരിചയപ്പെടാനുള്ള അവസരം
- ജീവിതത്തിൽ പുസ്തകവായനയ്ക്ക് പ്രാധാന്യം നൽകുന്നു

# സംയുക്ത ഡയറി

തുടർന്നുവരുന്ന ഈ പ്രവർത്തനം ജൂൺ മുതൽ ആരംഭിക്കുന്നു

- അധ്യാപിക ഡയറി പരിശോധിച്ച് ക്ലാസിൽ വച്ച് വിലയിരുത്തുന്നു
- കൂട്ടുകാരുടെ ഡയറിക്കുറിപ്പ് ക്ലാസിൽ പങ്കുവയ്ക്കുന്നു
- ദൈനംദിന അനുഭവങ്ങളെ കുട്ടി ആത്മാംശം ഉൾക്കൊണ്ട് എഴുതണം.

# സചിത്ര പുസ്തകം

- കുട്ടിയുടെ സർഗാത്മകവും വൈകാരികവും സമഗ്രവുമായ നൈപുണികൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം
- സകുൾ കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആകുന്നു.
- കുട്ടികളുടെ പങ്കാളിത്തം സഹകരണം എന്നിവ ഉറപ്പുവരുത്തുന്നു.
- നിറം കൊടുക്കൽ, കണ്ടെത്തി എഴുതൽ വിവരണം ഇവയ്ക്ക് അവസരം

# നാട്ടുവിശേഷം കൂട്ടെഴുത്ത്

- പ്രകൃതിയെയും ചുറ്റുപാടിനെയും കുറിച്ച് സ്വതന്ത്ര രചനകൾ സൃഷ്ടിക്കുന്നു
- പ്രകൃതി നിരീക്ഷണത്തിനവസരം
- തെറ്റില്ലാത്ത ഭാഷയിൽ എഴുതാനുള്ള അവസരം.
- ഓഗസ്റ്റ് മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നു.
- കണ്ടെത്തലുകളുടെ അവതരണം നടക്കുന്നു.

# ക്ലാസ് പത്രം

- ഭാഷാ പഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രം. ക്ലാസിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ് പത്രം.
- രചനാശേഷി പരിപോഷിപ്പിക്കുന്നു
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ സാധിക്കുന്നു.
- നവംബർ മുതൽ മാർച്ച് വരെ മാസത്തിൽ ഒരു പത്രം തയ്യാറാക്കുന്നു

# രചനോത്സവം, ഭാഷോത്സവം

- കഥ, കവിത, കുറിപ്പുകൾ, ഡയറി, സംഭാഷണം, വിവരണം, തുടങ്ങിയ വിവരണം വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തണം.
- എല്ലാ കുട്ടികളും രചനോത്സവത്തിൽ പങ്കാളികളാവണം
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ കൊണ്ടുവരണം
- PTA പങ്കാളിത്തത്തോടെ ചെയ്യുന്നു.

# ക്വിസ് മാസ്റ്റർ

- ഭാഷ, ശാസ്ത്രം, ഗണിത ശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നി വിഷയങ്ങളിൽ അറിവ് നേടുന്നതിനും മത്സര പരീക്ഷകൾ, ക്വിസ് പ്രോഗ്രാം എന്നിവയിൽ മികച്ച വിജയം നേടുന്നതിനു
- ഓരോ ടേമിലും നിശ്ചിത ഭാഗം പഠിക്കുന്നു. വിജയികൾക്ക് സമ്മാനം
- അസംബ്ലിയിൽ 10 ചോദ്യങ്ങൾ പറയാൻ നിർദ്ദേശം

# വർണോത്സവം

- ചിത്രരചനയിൽ പാടവം ലഭിക്കുന്നതിനും ചിത്ര രചനാ പഠനത്തിന് അവസരം ലഭിക്കുന്നതിനും
- പ്രീ-പ്രൈമറി കുട്ടികൾക്ക് നിറം നൽകാൻ അവസരം
- മികച്ച ചിത്രകാരന്മാരെ കണ്ടെത്തൽ. സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു.

# ക്വിസ് മാസ്റ്റർ

- ഭാഷ, ശാസ്ത്രം, ഗണിത ശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ അറിവ് നേടുന്നതിനും മത്സര പരീക്ഷകൾ, ക്വിസ് പ്രോഗ്രാം എന്നിവയിൽ മികച്ച വിജയം നേടുന്നതിനു.
- ഓരോ ടേമിലും നിശ്ചിത ഭാഗം പഠിക്കുന്നു. വിജയികൾക്ക് സമ്മാനം
- അസംബ്ലിയിൽ 10 ചോദ്യങ്ങൾ പറയാൻ നിർദ്ദേശം

# വർണ്ണോത്സവം

- ചിത്രരചനയിൽ പാടവം ലഭിക്കുന്നതിനും ചിത്ര രചനാ പഠനത്തിന് അവസരം ലഭിക്കുന്നതിനും
- പ്രീ-പ്രൈമറി കുട്ടികൾക്ക് നിറം നൽകാൻ അവസരം
- മികച്ച ചിത്രകാരന്മാരെ കണ്ടെത്തൽ. സമ്മാനം നൽകി പ്രോത്സാഹിപ്പിക്കൽ.

## 93.5 കുട്ടി FM

- സർഗവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു
- പഠനപ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെടുന്ന രചനകൾ, സർഗാത്മക പരിപാടികൾ, ക്വിസ്, ദൃക്സാക്ഷി വിവരണം, പ്രധാനവാർത്തകൾ സ്കൂൾ വാർത്തകൾ എന്നിവയുടെ അവതരണം
- എല്ലാ വെള്ളിയാഴ്ചയും നഴ്സറി മുതൽ 4-10 ക്ലാസ് വരെയുള്ള കുട്ടികൾക്ക് 93.5 കുട്ടി FM അവതരിപ്പിക്കാൻ അവസരം
- കുട്ടികൾക്ക് അവതരണ ശൈലി മെച്ചപ്പെടുത്താൻ സാധിക്കുന്നു.

## ഒന്നൊരുക്കം

- കുട്ടികളെ (std I) വൈവിധ്യമായ പ്രവർത്തന തലങ്ങളിലൂടെ കടത്തി വിടൽ. കുട്ടിയുടെ സർഗാത്മക കഴിവുകൾ ഉണർത്തൽ
- വിവിധ തരം പേപ്പർ ക്രാഫ്റ്റ് ഉൽപന്നങ്ങൾ നിർമിക്കൽ

# English

# ആമുഖം

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പുറകേ നെട്ടോട്ടമോടുന്ന ഇന്നത്തെ രക്ഷിതാക്കൾക്ക് അവരുടെ കുട്ടികളെ പൊതുവിദ്യാലയത്തിൽ ചേർക്കുമ്പോൾ അവർക്ക് മികച്ച വിദ്യാഭ്യാസം നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

നമ്മുടെ കുട്ടികൾ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തേണ്ടതും അനിവാര്യമാണ് അതിനുവേണ്ടിയുള്ള നിരവധി കർമ്മ പദ്ധതികൾ നാം ആസൂത്രണം ചെയ്തിരിക്കുന്നു.

ഇംഗ്ലീഷ് എന്ന അന്താരാഷ്ട്ര ഭാഷ നമ്മുടെ കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കണം. കുട്ടിയുടെ പഠനവിടവ് കണ്ടെത്തി അവ കൃത്യമായും നാം പരിഹരിക്കേണ്ടതുണ്ട്.

# ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് ലഭിക്കുക
- ഇംഗ്ലീഷ് ഭാഷയിൽ മികച്ച വായനശീലം വർധിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.

# ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് ലഭിക്കുക
- ഇംഗ്ലീഷ് ഭാഷയിൽ മികച്ച വായനശീലം വർധിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ് ഗെയിമുകൾ

കളികളിലെ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു. അതുവഴി ഇംഗ്ലീഷ് ഭാഷണത്തിന് കഴിവു നേടുന്നു.

## A day for English
## ഇംഗ്ലീഷ് അസംബ്ലി

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിനായി ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ അസംബ്ലി നടത്തുന്നു. പ്രാർത്ഥനാഗീതം, പ്രതിജ്ഞ, ചിന്താവിഷയം ഇവയെല്ലാം ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

## English Reading Card Making Workshop

ഇംഗ്ലീഷ് വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഒരു ഉപാധിയാണിത്. കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ reading card കൾ നിർമ്മിക്കുന്നു

# അക്ഷരക്കാർഡ്, പദക്കാർഡ്

അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ എന്നിവ നിർമിക്കുന്നു ഇവ ഉപയോഗിച്ച് കുട്ടികളിൽ അറിവ് വർധിപ്പിക്കുന്നു. പദക്കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുന്നു.

# Hearing English stories

ICT സഹായത്താൽ കുട്ടികൾക്ക് ഇംഗ്ലീഷ് മോറൽ കഥകൾ കേൾക്കാൻ അവസരം നൽകുന്നു. മോറൽ കഥകൾ അയതിനാൽ കുട്ടികളിൽ നല്ല ശീലങ്ങളും മനോഭാവങ്ങളും ഉണ്ടാകുന്നു.

# Environmental Science

# സാമൂഹ്യശാസ്ത്രം

സാമൂഹ്യ ജീവിയായി കുട്ടിയെ വളർത്തിയെടുക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സാമൂഹ്യ പുരോഗതിയിൽ ഓരോ വ്യക്തിക്കും തന്റേതായ പങ്ക് വഹിക്കാനുണ്ട് എന്ന ബോധ്യപ്പെടുത്തൽ കുട്ടിക്ക് ലഭ്യമാക്കേണ്ടതുണ്ട്. സാമൂഹ്യബോധം കുട്ടികളിൽ വളർത്താനുള്ള നിരവധി പ്രവർത്തനങ്ങൾ ഒരുക്കേണ്ടതുണ്ട്.

കരിക്കുലം ലഭ്യമാക്കുന്ന എല്ലാ സാമൂഹ്യ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.

സാമൂഹ്യ ചിന്ത, സാമൂഹ്യ ബോധം സാമൂഹ്യ വിശകലനശേഷി, ഇവ എല്ലാ കുട്ടികളിലും വളർത്തുക.

# പ്രവർത്തനങ്ങൾ

## സാമൂഹ്യശാസ്ത്ര ലാബ്

- സ്കൂളിൽ ഒരു പ്രത്യേക സ്ഥലത്ത് സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കുന്നു
- ഗ്ലോബ്, ഭൂപടം, മാതൃകകൾ ആൽബങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ശേഖരിക്കുന്നു
- സാമൂഹ്യ പരിഷ്കർത്താക്കൾ സ്വാതന്ത്ര്യസമര സേനാനികൾ, ദേശീയ നേതാക്കൾ ചരിത്ര സ്ഥലങ്ങൾ ലോക വിസ്മയങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ ശേഖരിക്കുന്നു

## സാമൂഹ്യശാസ്ത്ര ആൽബം

ക്ലാസ് പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മഹാന്മാരുടെ ചിത്രങ്ങൾ ചരിത്ര സ്മാരകങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുന്നു ആൽബം തയ്യാറാക്കുന്നു.

## പോസ്റ്റർ രചന

കുട്ടികൾ ലഹരി വിരുദ്ധ പോസ്റ്ററുകൾ, വായനാദിന പോസ്റ്ററുകൾ, പരിസ്ഥിതി ദിന പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നു

# ക്ലാസ് ബുള്ളറ്റിൻ

എല്ലാ ക്ലാസിലും ബുള്ളറ്റിൻ ബോർഡ് നിർമ്മിക്കുന്നു. ദിനാചരണങ്ങൾ ക്ലാസ് പഠന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ചുമർ പത്രികകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു.

# ഫീൽഡ് ട്രിപ്പ്

- സാമൂഹ്യശാസ്ത്ര പഠന രംഗത്ത് നേരനുഭവം ലഭ്യമാക്കുന്നതിനവസരം ഉള്ള ഒന്നാണ് ഫീൽഡ് ട്രിപ്പ്.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് ട്രിപ്പ് നടത്തുന്നു
- വയൽ, കുളം, പോസ്റ്റോഫീസ്, അത്തനിലയം, നെയ്ത്തുശാല, കടൽത്തീരം, ചരിത്രമാളിക തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാനവസരം
- ഓരോ ഫീൽഡ് ട്രിപ്പിലും കുറിപ്പുകൾ യാത്രാവിവരണം എന്നിവ തയ്യാറാക്കുന്നു.
- മാനസികോല്ലാസത്തിലും, മാനസികാരോഗ്യത്തിനും ഇത് കാരണമാകുന്നു.
- ഒത്തൊരുമ, പരസ്പര സഹകരണ മനോഭാവം എന്നിവ വളർത്താൻ സഹായിക്കുന്നു.

# ലഹരി വിരുദ്ധ നാട്

ലക്ഷ്യം

- ലഹരിമുക്ത ജനതയെ വാർത്തെടുക്കുക
  സമൂഹവുമായി ബന്ധം സ്ഥാപിക്കുക
  ലഹരി ഉപയോഗിക്കുന്നതു കൊണ്ടുള്ള ദോഷ വശങ്ങൾ കുട്ടികൾ മനസിലാക്കുന്നു.

പഠന പ്രവർത്തനങ്ങൾ

## മിഠായിക്കു പകരം പഴങ്ങൾ

- സ്കൂളിൽ കുട്ടികളുടെ ജന്മദിനങ്ങളിൽ മിഠായി കൊണ്ടുവരാതിരിക്കാൻ നിർദ്ദേശിക്കുന്നു. പകരം ആപ്പിൾ, മുന്തിരി, തണ്ണിമത്തൻ ചക്ക തുടങ്ങിയ പഴവർഗങ്ങൾ കൊണ്ട് വന്നു നൽകാൻ നിർദ്ദേശം.

- മിഠായി, ഐസ്ക്രീം, പലഹാരങ്ങൾ എന്നിവ ഒഴിവാക്കാനും തീരുമാനിച്ചു.

## ലഹരി വിമുക്ത സർവ്വേ

വീടുകളിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ കണ്ടെത്താനായി സർവ്വേ നടത്തുന്നു. സർവ്വേ ഫോർമാറ്റ് രൂപീകരിക്കുന്നു. വീട്ടുകാരുടെ സഹായത്താൽ സർവ്വേ ഫോർമാറ്റ് പൂരിപ്പിച്ച് വരുന്നു. ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നു.

## പോസ്റ്റർ രചന

കുട്ടികൾ ലഹരി വിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കുന്നു.

# ഹരിത വിദ്യാലയം

ലക്ഷ്യം :-

- സ്കൂൾ ഒരു പാഠശാല എന്ന തലത്തിൽ ഉയർത്തുന്നതിന്.
- സ്കൂൾ ആകർഷകമാക്കുന്നതിന് കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്.
- ജൈവ പച്ചക്കറി കൃഷിയിൽ താൽപര്യം വളർത്തുക.
- വിഷ രഹിത പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്തുക
- വളർത്തുമൃഗങ്ങളെ വളർത്താനും പരിപാലിക്കാനും ഉള്ള മനോഭാവം വളർത്തിയെടുക്കുക.

## പരിസ്ഥിതി ക്ലബ്ബ്

- പ്രൈമറി അധ്യാപികമാരായ ശ്രീമതി മിന്ന ടീച്ചർ, ഷൈനി ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു.
- കുട്ടികളും PTA അംഗങ്ങളും ഇതിൽ പങ്കുകാരാകുന്നു.
- പരിസ്ഥിതി സൗഹൃദ മനോഭാവത്തിൽ ജീവിക്കാൻ സാധിക്കുന്നു.
- പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നു.

# ജൈവ പച്ചക്കറിത്തോട്ടം

- സ്കൂൾ വളപ്പിൽ കൃഷിഭവന്റെയും PTA അംഗങ്ങളുടെയും സഹായത്തോടെ ജൈവ പച്ചക്കറി ത്തോട്ടം നിർമാണവും പരിപാലനവും
- സ്കൂൾ പരിസരത്ത് ഒഴിഞ്ഞ സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമിക്കുന്നു.
- കർഷക ദിനത്തോടനുബന്ധിച്ച് "ഞാറ് നടൽ"
- ഓണത്തിന് ഒരു മുറം പച്ചക്കറി ലഭ്യമാക്കുന്നു

# വീട്ടിലൊരു പച്ചക്കറിത്തോട്ടം

കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനു വേണ്ടിയും കുട്ടികർഷകരെ കണ്ടെത്തുന്നതിന് വേണ്ടിയും വീട്ടിലൊരു പച്ചക്കറിത്തോട്ടം നിർമിക്കൽ. കുട്ടികൾ നിർമിച്ചതായ പച്ചക്കറിത്തോട്ടം സന്ദർശനം. മികച്ച തോട്ടം നിർമിച്ചവർക്ക് കർഷക ദിനത്തിൽ സമ്മാനം. ഇത് കുട്ടികളിൽ കാർഷികാഭിരുചി വളർത്താൻ സഹായിക്കുന്നു.

# സാമൂഹിക പിന്തുണ

വിദ്യാലയത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സജീവമാകാൻ രക്ഷിതാക്കളുടെ സഹായം ആവശ്യമാണ്. അതിലൂടെ മാത്രമേ സ്കൂളിലുള്ള മികവുകൾ സമൂഹത്തിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാക്കാൻ സാധിക്കും.

## പ്രവർത്തനങ്ങൾ

- പി.ടി.എ – ഓരോ ടേമിലും ഒന്നു വീതം
- ക്ലാസ് പി.ടി.എ – ഓരോ ടേമിലും രണ്ടുവീതം
  എല്ലാ പി.ടി.എ യിലും വരുന്നവർക്ക് വാർഷികത്തിൽ സമ്മാനം
- കോർണർ പി.ടി.എ – പി.ടി.എ മീറ്റിംഗിൽ പങ്കെടുക്കാത്ത രക്ഷിതാക്കൾക്കു വേണ്ടി അവരുടെ വീടിനടുത്ത് പി.ടി.എ സംഘടിപ്പിക്കുന്നു.
- ബാല സഭകൾ – എല്ലാ വെള്ളിയാഴ്ചയും 3 മണി മുതൽ അതാത് ക്ലാസിൽ മാസത്തിൽ ഒന്നു വീതം വിദ്യാലയ മുറ്റത്ത്. പൊതു ബാല സഭകൾ ദിനാചരണങ്ങളോടൊപ്പം നടത്തണം.

ഓരോ ടേമിലും ഒന്നുവീതം ഇംഗ്ലീഷ് ബാല സഭ.

സദസ്സ് → പൊതു സ്ഥലങ്ങളിൽ കുട്ടികളുടെ പരിപാടികൾ സംഘടിപ്പിക്കുന്നു

പൂർവ്വ വിദ്യാർത്ഥി സംഗമം → ആദ്യ ഘട്ടത്തിൽ തന്നെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മ രൂപീകരിക്കുകയും അവരുടെ സഹായത്തോടെ സ്കൂളിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ ശ്രമിക്കുന്നു. ജൈവ വൈവിധ്യ ഉദ്യാനം, ജൈവ കൃഷി പൂന്തോട്ടം..... ഇവയുടെ പരിപാലനം

വാർഷികാഘോഷം → വിപുലമായി വാർഷികാഘോഷം സംഘടിപ്പിക്കുന്നു ഒരു ദിവസത്തെ പ്രോഗ്രാമായി അവതരിപ്പിക്കുന്നു

സംഗീത സദസ്
നൃത്ത സദസ്
മറ്റു കലാ പ്രകടനങ്ങൾ

# ഗണിതം

# ഗണിത ലക്ഷ്യങ്ങൾ

- ഗണിത പഠന ശേഷി വികസിപ്പിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഗണിത തത്വങ്ങൾ മനസിലാക്കുക
- ഗണിത ചിന്ത, തത്വചിന്ത വിശകലന ശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ഗണിത പഠനത്തിന് ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
- ഗണിത പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- CSWN കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക
- ഗണിത ശാസ്ത്രത്തിൽ താൽപര്യം വളർത്തുക
- മനക്കണക്ക്, കുസൃതിക്കണക്ക് എന്നിവയിൽ താൽപര്യം വളർത്തുക
- ഉൾച്ചേർന്ന വിദ്യാഭ്യാസം നടപ്പാക്കുക
- വിദ്യാഭ്യാസത്തെ ഗുണമേന്മയുള്ളതാക്കുക
  ജീവിത ബന്ധിതമായ പ്രശ്ന പരിഹാരത്തിന്

# പ്രവർത്തനങ്ങൾ

കുസൃതിച്ചെപ്പ് → മനഃക്കണക്ക്, കുസൃതിക്കണക്ക് എന്നിവയിലൂടെ ഗണിത ശാസ്ത്രത്തിൽ താൽപര്യം വളർത്തുക

ഗണിതപ്പാട്ട് → ഗണിതവുമായി ബന്ധപ്പെട്ട പാട്ടുകൾ കണ്ടെത്തുന്നു ക്ലാസിൽ അവതരിപ്പിക്കുന്നു ഗണിതപ്പാട്ട് പുസ്തകം തയ്യാറാക്കുന്നു. കുട്ടികൾ നിർമ്മിച്ച പാട്ടും അതിൽ ഉൾപ്പെടുത്തുന്നു.

ഗണിത ബോധം → ഗണിത ചിന്ത, യുക്തി ചിന്ത ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.
ചതുഷ്ക്രിയകളായ സങ്കലനം, വ്യവകലനം ഗുണനം, ഹരണം, ഇവ ഉറപ്പിക്കൽ

ഉല്ലാസ ഗണിതം → ഗണിതത്തെ ലളിതമാക്കാനും ഉല്ലാസമാക്കാനും ഉള്ള പദ്ധതിയാണിത്. കുട്ടികൾക്ക് ഗണിതത്തോട് താൽപര്യം വർധിക്കുന്നു.

ഓണെസ്റ്റി ഷോപ്പ് → പഠന വസ്തുക്കളുടെ ഒരു ഷോപ്പ്. ആവശ്യമുള്ള മെറ്റീരിയൽസ് ക്രമീകരിച്ച് സ്റ്റോക്ക് രജിസ്റ്റർ, ബില്ല്, വിലവിവരപട്ടിക എന്നിവ നൽകുന്നു നാലാം ക്ലാസിലെ കുട്ടികൾക്ക് നേതൃത്വം നൽകുന്ന ഓരോ ആഴ്ചയിലും നേതൃത്വം മാറി നൽകുന്നു. കുട്ടികൾ തന്നെ ബില്ല് എഴുതി തുക പെട്ടിയിൽ നിക്ഷേപിക്കുന്നു. ഇതിന് പ്രകാരം കുട്ടികളിൽ സത്യസന്ധതാ ബോധം വളർന്നു.

ഗണിത ക്വിസ് → അസംബ്ലിയിൽ ഗണിതവുമായി ബന്ധപ്പെട്ട ചോദ്യം നൽകുന്നു. അടുത്ത അസംബ്ലിയിൽ ഉത്തരം കണ്ടെത്തി അവതരണം. വർഷാവസാനം ക്വിസ് മത്സരം, വിജയിയെ കണ്ടെത്തൽ

ഗണിത കേളി → ഗണിത കേളി, ഗണിതവുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടൽ ചെസ്സ് എണ്ണിയും പാമ്പും ഗണിത കൂട്ടം തുടങ്ങിയവ....

സംഖ്യാമരം → ക്ലാസിൽ ഒരു മരച്ചില്ല ക്രമീകരിച്ച് ചില്ലയിൽ സംഖ്യാകാർഡുകൾ. സംഖ്യകളുടെ തുക, വ്യത്യാസം ഇവ കൂടി കണ്ടെത്തുന്നു